"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 2024-2025 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയേതരയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ നാലാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.622/2024/CLAD തീയതി,തിരുവനന്തപുരം, 26-10-2024

---

പരാമർശം:-

1. 04. 01.2021 -ലെ 1/2021/ധന നമ്പർ സർക്കുലർ
2. സ.ഉ.(സാധാ) നം.227/2024/CLAD തീയതി 30.04.2024
3. 12.06.2024 -ലെ 35/2024/ധന നമ്പർ സർക്കുലർ
4. സ.ഉ.(സാധാ) നം.337/2024/CLAD തീയതി, 01.07.2024
5. സ.ഉ.(സാധാ) നം.476/2024/CLAD തീയതി 29.08.2024
6. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 10.10.2024-ലെ എ/1204/2024/സിൽ നമ്പർ കത്ത്.

**ഉത്തരവ്**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് 2024-2025 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ "2202-05-102-96-36(NP)" എന്ന ശീർഷകത്തിൽ 3,44,24,000/-രൂപ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും പരാമർശം (2) പ്രകാരം 68,84,000/- രൂപ ഒന്നാം ഗഡുവായും പരാമർശം (4) പ്രകാരം 35,34,000/- രൂപ രണ്ടാം ഗഡുവായും പരാമർശം (5) പ്രകാരം 35,00,000/-രൂപ മൂന്നാം ഗഡുവായും അനുവദിച്ചു നൽകിയിട്ടുണ്ട്.

2. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെയും വിജ്ഞാനമുദ്രണം പ്രസ്സിലെയും ജീവനക്കാരുടെ 2024 ഒക്ടോബർ മാസം മുതലുള്ള ശമ്പളം നൽകുന്നതിനും, ദിവസവേതനം, ഇലക്ട്രിസിറ്റി ചാർജ്, ടെലഫോൺ ചാർജ്, ഓഫീസ് സംബന്ധമായ മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്കുമായി പദ്ധതിയേതരയിനത്തിൽ നാലാം ഗഡു അനുവദിക്കുന്നതിനായി പരാമർശം (6) പ്രകാരം ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് "2202-05-102-96-36(NP)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 3,44,24,000/- രൂപയിൽ നിന്നും 50,00,000/- രൂപ (അൻപത് ലക്ഷം രൂപ മാത്രം) നാലാം ഗഡുവായി അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശം (1) പ്രകാരം പ്രസ്തുത തുക കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തിരുവനന്തപുരം

ജില്ലാ ട്രഷറിയിലുള്ള 799011400006903 എന്ന STSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് / അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ നാലാം ഗഡുവിന്റെ ധനവിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് ആർ

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം .

ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( 25.10.2024-ലെ 27775134/EDN-C3/147/2024-FIN നമ്പർ കുറിപ്പ് പ്രകാരം)

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം

ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ വിഭാഗം )

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (C1/71/2024-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Mini T R
Date: 26-10-2024 17:12:29

സെക്ഷൻ ഓഫീസർ

പകർപ്പ് :- സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പിഎസ്. ന്